ശ്രീ. കെ. ടി. അച്യുതൻ : മിനിമം വേജസ് റിവൈസ് ചെയ്യുന്നതിനു വേണ്ടി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു കഴിഞ്ഞു. അപ്പോഴാണു് ഈ വക വൈഷമ്യങ്ങൾ വന്നതു്. രണ്ടു അയൽ സ്റ്റേറ്റുകളിലും ഈ വ്യവസായത്തെ സംബന്ധിച്ചുള്ള നിലപാടു് എന്താണെന്നറിഞ്ഞു യോജിച്ചു ഒരു തീരുമാനത്തിലെത്തിയില്ലെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ ഈ വ്യവസായം ഇല്ലാതെ പോകും.

ശ്രീ. കെ. ഹസ്സൻ ഗനി : ബീഡി വ്യവസായത്തെ സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറിൽ ഒരു നിയമം അടുത്തുതന്നെ ഉണ്ടാക്കുമെന്നു് ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽ ഇവിടെ പറയുകയുണ്ടായി. ആ നിയമം ഏറ്റവും വേഗം വരുന്നതിനു് ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനോടു് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ? അതിനെ സംബന്ധിച്ചു് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കേന്ദ്രത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു നിയമം കൊണ്ടുവരാമോയെന്നു് ചോദിച്ചിട്ടുണ്ടു്. മൈസൂറും, കേരളവും, മദ്രാസുമായി ഇക്കാര്യത്തിൽ യോജിച്ചു് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നു് നോക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഒരു വ്യവസായത്തിൽ മിനിമം വേജസ് ഏർപ്പെടുത്തുകയും, എന്നാൽ അതു് ലംഘിക്കുന്നതു് കണ്ണടച്ചുകൊണ്ടു് നോക്കിയിരിക്കുകയും ചെയ്യാതെ, ആ വ്യവസായത്തിൽ മിനിമം വേജസ് ഏർപ്പെടുത്തുന്നതു് പ്രായോഗികമാണോ, അതു് നടപ്പിലാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി വ്യക്തമായി അന്വേഷണം നടത്തിയിട്ടു നടപടി എടുക്കുന്നതല്ലേനല്ലതു് ? അങ്ങനെ ആയാൽ നിർബന്ധം ചെലുത്താതിരിക്കാമല്ലോ.

ശ്രീ. കെ. ടി. അച്യുതൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ വളരെയധികം കാര്യങ്ങളുണ്ടു്. സംഘടിതമല്ലാത്ത വ്യവസായങ്ങളിൽ മിനിമം വേജസ് നടപ്പിലാക്കാൻ നിർബന്ധം ചെലുത്താൻ സാധിക്കുകയില്ല. പൊതുവേ എല്ലാ കാര്യങ്ങളും മനസ്സിലാക്കിതന്നെയാണു് ഇപ്പോഴും ഗവണ്മെൻറിൽനിന്നും പ്രവർത്തിക്കുന്നതു്. കണ്ണടയ്ക്കാതെതന്നെയാണു് ഗവണ്മെൻറു് ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതു്.

ട്രാൻസ്പോർട്ട് ഗ്യാരേജു്

* 865. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എവിടെയെല്ലാം ട്രാൻസ്പോർട്ട ഗ്യാരേജു് പണിയുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) കൊട്ടാരക്കര പുലമൺ ജംഗ്ഷനിൽ ട്രാൻസ്പോർട്ട ഗ്യാരേജു് പണിയുന്നതിനു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) പ്രസ്തുത ഗ്യാരേജിൻറെ പണി എന്നു തീരും ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) നെടുമങ്ങാടു്, നെയ്യാറ്റിൻകര, കായംകുളം, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, എറണാകുളം, ആലുവാ, കോഴിക്കോടു്, കണ്ണൂർ, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്പോർട്ടു് ഗ്യാരേജു് പണിയുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു്.

(ബി) കൊട്ടാരക്കര പുലമൺ ജംഗ്ഷനിൽ ഇപ്പോഴും തന്നെ ഒരു ട്രാൻസ്പോർട്ടു് ഗ്യാരേജുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ആദിച്ചൻ : കൊട്ടാരക്കര കുറെ നിലം നികത്തി ഭൂമി എടുത്തിട്ടില്ലേ ; അതു് ട്രാൻസ്പോർട്ട് ഗ്യാരേജിനല്ലേ ?

ശ്രീ കെ ടി. അച്യുതൻ : അതു പോരാതെവന്നു. കുറെ സ്ഥലം കൂടി ഗ്യാരേജിനായി എടുക്കേണ്ടിവന്നു. അതിന്റെ പണി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജാർജ്ജു് : മൂവാറ്റുപുഴ ട്രാൻസ്പോർട്ടു് ഗ്യാരേജിനുവേണ്ടി കുറെ സ്ഥലം ട്രാൻസ്പോർട്ട് ഡയറക്ടറും മറ്റുദ്യോഗസ്ഥന്മാരും പോയി പരിശോധിച്ചിട്ടുള്ളതാണു്. അവിടെ അതിന്റെ പണി എന്നാണു് ആരംഭിക്കുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇവിടെ മുൻഗണനാ തോതിൽ കുറേ സ്ഥലങ്ങളുടെ പേർ പറഞ്ഞു എന്നേയുള്ളു. പ്രത്യേകമായി എല്ലാ സെൻറുകളിലും ഗ്യാരേജു സൗകര്യം വേണമെന്നാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : കണ്ണൂരിൽ ട്രാൻസ്പോർട്ടു് ഗ്യാരേജു പണിയുന്നതാണെന്നു ഇതിനു മുൻപു് ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. അതേ സംബന്ധിച്ചു് വല്ല സ്റ്റെപ്പും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : മെമ്പർ അവിടെപോയി നോക്കിയാൽ കാണാൻ സാധിക്കും, അവിടെ ട്രാൻസ്പോർട്ട ഗ്യാരേജിനു പണി തുടങ്ങിയിട്ടുള്ള കാര്യം.

ശ്രീ. ടി. ഓ. ബാവ : ആലുവാ ട്രാൻസ്പോർട്ടു് ഗ്യാരേജും ബസ്സ്റ്റാൻറും മൂന്നു മൈൽ ദൂരെ സ്ഥിതിചെയ്യുന്നതുകൊണ്ടു് ഏതാണ്ടു് 500-ൽ കൂടുതൽ ഡെഡ്മൈൽ സംഭവിക്കുന്നുണ്ടു്. അതേമാതിരി ആയിരക്കണക്കിനു് രൂപ സക്കാരിലേക്കു് നഷ്ടം വന്നുകൊണ്ടിരിക്കുകയുമാണെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനു പരിഹാരം കാണാൻ വല്ല നടപടിയും ഗവണ്മെൻറു് എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇപ്പോഴം അവിടെ റയിൽവേസ്റ്റേഷനടുത്തുള്ള ട്രാൻസ്പോർട്ടു് ഗ്യാരേജ് കുറേക്കൂടി വിപുലപ്പെടുത്താനും, ചില്ലറ റിപ്പയറുകളൊക്കെ അവിടെ നടത്താനും പ്രധാനമായിട്ടുള്ള റിപ്പയറിനു് വക്കുഷാപ്പിൽ കൊണ്ടുപോകാനുമുള്ള ഒരു നിലപാടാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു്. ഗ്യാരേജുള്ള സ്ഥലത്തു് കൂടുതൽ സ്ഥലം എടുക്കുന്നതിനു വേണ്ട നടപടികളും എടുത്തിട്ടുണ്ടു്. അതിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ ഈ ബുദ്ധിമുട്ടു് പരിഹരിക്കപ്പെടും.

നേഴ്സറി സ്കൂളുകൾ

* 866. [5] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാനത്തു് ആകെ എത്ര നേഴ്സറി സ്കൂളുകൾ ഉണ്ടു് ;

(ബി) പ്രൈവറ്റു എത്ര ; ഗവണ്മെൻറുവക എത്ര ;

(സി) എത്ര പ്രൈവറ്റു നേഴ്സറി സ്കൂളുകൾക്കു് ഇനിയും ഗ്രാൻറുകൾ നൽകാനുണ്ടു് ;

(ഡി) കാലതാമസത്തിനു കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഗവണ്മെൻറു് സ്കൂളുകളും ഗവണ്മെൻറിൽനിന്നു് ഗ്രാൻറു് നൽകുന്ന പ്രൈവറ്റു സ്കൂളുകളുമായി സംസ്ഥാനത്തു് 112 നേഴ്സറി സ്കൂളുകളുണ്ടു്.

(ബി) പ്രൈവറ്റു് സ്കൂളുകൾ 89

ഗവണ്മെൻറുവക സ്കൂളുകൾ 23

LIBRARY ARCHIVES Kerala Legislative Assembly